LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിലെ അലോപ്പതി ഡോക്ടർമാരുടെ തസ്തികകളും സേവനവും

71 (763) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ അലോപ്പതി ആശുപത്രികളിൽ അനുവദിക്കപ്പെട്ട ഡോക്ടർമാരുടെ തസ്തികകളുടെ എണ്ണം എത്രയാണെന്നും അതിൽ എത്ര ഡോക്ടർമാരുടെ സേവനമാണ് ലഭിക്കുന്നതെന്നും വിശദീകരിക്കാമോ ;

(ബി) അനുവദിക്കപ്പെട്ട തസ്തികയ്ക്കനുസരിച്ച് സേവനം ലഭിക്കാതിരിക്കുന്നുണ്ടോ എങ്കിൽ കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) ജില്ലയിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും ഒഴിവുകൾ നികത്താനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ)

ക്രമ നം.	കേഡർ	അനുവദിച്ച തസ്തികകളുടെ എണ്ണം	നിലവിലുള്ള തസ്തികകളുടെ എണ്ണം	ഒഴിവുകളുടെ എണ്ണം
(1)	(2)	(3)	(4)	(5)
1	സ്പെഷ്യൽ കേഡർ	63	45	18
2	അഡ്മിനിസ്ട്രേറ്റീവ് കേഡർ	10	10	...
3	ജനറൽ കേഡർ സിവിൽ സർജൻ	8	5	3
4	ജനറൽ കേഡർ അസിസ്റ്റന്റ് സർജൻ	125	75	50

(1)	(2)	(3)	(4)	(5)
5	ദന്തൽ സിവിൽ സർജൻ	1	1	...
6	ദന്തൽ അസിസ്റ്റന്റ് സർജൻ	3	3	...

(ബി) അനുവദിക്കപ്പെട്ട തസ്തികയ്ക്കനുസരിച്ച് വേക്കൻസിയുള്ള സ്ഥലങ്ങളിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ ഡോക്ടർമാരെ നിയമിച്ചതിനാൽ സേവനം ലഭിക്കാതിരിക്കുന്നില്ല.

(സി) ജില്ലയിലെ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അസിസ്റ്റന്റ് സർജൻ തസ്തികയിലെ മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് വകുപ്പിൽ പി.ജി. ബിരുദമുള്ളവരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സിവിൽ സർജൻ, കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റിയുടെ ശിപാർശ പ്രകാരം നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അടിയന്തര ഘട്ടങ്ങളിൽ ഒഴിവുകൾ, അഡ്ഹോക്ക് വ്യവസ്ഥയിൽ വിരമിച്ച ഡോക്ടർമാരെ നിയമിച്ച് സേവനം ഉറപ്പുവരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പാരാമെഡിക്കൽ ജീവനക്കാരുടെ പ്രൊമോഷൻ വഴി നികത്തേണ്ട ഒഴിവുകളിൽ പ്രൊമോഷൻ നൽകിയും, മറ്റ് ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും പി.എസ്.സി. മുഖേനയും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കാസർഗോഡ് ജില്ലയിലെ ദിനപരിചരണ കേന്ദ്രങ്ങൾ

72 (764) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ മാനസിക വെല്ലുവിളിനേരിടുന്നവരെ സഹായിക്കുന്നതിന് ദിനപരിചരണ കേന്ദ്രങ്ങൾ തുടങ്ങിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly